DESPATCHED
On 04/06/2020

13/03/2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**A.P.795(1)/2018/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 3582/SIC-G4/2018**

**സന്നിഹിതൻ**

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഇസ്മായിൽ ബി.എ.<br>സി.കെ. ഹൗസ്, എയ്യള, ബണ്ടിച്ചാൽ<br>തെക്കിൽ പി.ഒ., കാസർഗോഡ് - 671541 | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>വില്ലേജ് ഓഫീസർ<br>തെക്കിൽ വില്ലേജ് ഓഫീസ്, തെക്കിൽ ഗ്രൂപ്പ്<br>കാസർഗോഡ് | എതിർകക്ഷി |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. കെ. രമേശൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നത് മനഃപൂർവ്വമായിരുന്നില്ല എന്നും മറ്റൊരു ഓഫീസുമായി ബന്ധപ്പെട്ട വിവരം ആണെങ്കിൽ ടി വിവരം മാത്രം ഹർജിക്കാരനെ അറിയിച്ചാൽ മതിയാകും എന്ന ധാരണയിലായിരുന്നു എന്നും ഹർജിക്കാരൻ വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും കളക്ടറേറ്റിലും ഉദ്യോഗസ്ഥർക്കെതിരെ നിരന്തരം പരാതിയും മറ്റും നൽകുന്ന കൂട്ടത്തിലാണെന്നും ടിയാനെ വഴിവിട്ടു സഹായിക്കാത്തതിലുള്ള വ്യക്തി വിരോധത്താലാണ് അപേക്ഷകൾ നൽകുന്നത് എന്നും ടിയാന്റെ മാതാവിന് 1 ഏക്കർ പട്ടയത്തിൽ $9^{1}/_{4}$ സെന്റിന്റെ കുറവുള്ളതിനാൽ തൊട്ടടുത്ത സർക്കാർ സ്ഥലം ഉൾപ്പെടുത്തി 1 ഏക്കർ ആക്കി കൊടുക്കുവാൻ വേണ്ടിയാണ് നിരന്തരം പരാതിയുമായി വരുന്നത് എന്നും ആയതിനായി വിവരാവകാശ അപേക്ഷകൾ നൽകി ബുദ്ധിമുട്ടിക്കുകയാണെന്നും മറ്റുമാണ്.

ടി വിശദീകരണം പൂർണ്ണമായി തൃപ്തികരമല്ലെങ്കിലും പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച ബോധപൂർവ്വമായിരുന്നില്ല

RIGHT TO INFORMATION

sh

എന്നു വിലയിരുത്തി, ടിയാനെതിരായ നടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഈ ഉത്തരവ് ഇന്നേ ദിവസം 2020 മാർച്ച് മാസം 13-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

sh